"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവർ - മരണപ്പെട്ട ശ്രീ.ഷിബു ടി.പി.യുടെ മകൻ ശ്രീ.അഭിനവ്.ടി.എസ് - ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(കൈ) നം.17/2025/LSGD തീയതി,തിരുവനന്തപുരം, 22-01-2025

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
3. 14.07.2023 ലെ സ.ഉ.(പി) നം.12/2023/ഉഭപവ നമ്പർ ഉത്തരവ്.
4. ശ്രീ.അഭിനവ്.ടി.എസ് സമർപ്പിച്ച 17.11.2022 തീയതിയിലെ ആശ്രിതനിയമന അപേക്ഷ.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2023 തീയതിയിലെ LSGD/PD/46341/2023-DEF1 നമ്പർ കത്ത്.
6. എറണാകുളം ജില്ലാ കളക്ടറുടെ 31.12.2024 തീയതിയിലെ DCEKM/12509/2024/E5-നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവറായി സേവനമനുഷ്ഠിക്കവെ 21.08.2011 തീയതിയിൽ മരണപ്പെട്ട ശ്രീ.ഷിബു ടി.പി.യുടെ മകൻ ശ്രീ.അഭിനവ്.ടി.എസ് (തെക്കിനേഴത്ത് വീട് കടവന്ത്ര, പി.ഒ പുതിയറോഡ്, എറണാകുളം-682020) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ഷിബു ടി.പി.യുടെ സേവനകാലം 11 വർഷവും 09 മാസവും 19 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതൻറെ ജനന തീയതി 28.05.1973 ,സർവീസിൽ പ്രവേശിച്ച തീയതി 30.03.1999 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് പരാമർശം 5,6 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.അഭിനവ്.ടി.എസ്. പ്ലസ് ടു പരീക്ഷ വിജയിച്ചിട്ടുള്ളതും, ടിയാന്റെ ജനന തിയതി 04.01.2003 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (17.11.2022)സമർപ്പിച്ചുണ്ട് .ഈ ജോലിക്കായി ശ്രീ.ഷിബു ടി.പി.യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 6,06,672 രൂപയാണെന്ന് (ആറ് ലക്ഷത്തി ആറായിരത്തി അറുനൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) എന്ന് എളംകുളം വില്ലേജ് ഓഫീസർ സാക്ഷ്യ പ്പെടുത്തിയിട്ടുണ്ട്. കൂടാതെ

പരാമർശം (2) പ്രകാരമുള്ള ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും, ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (3) ലെ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും അപേക്ഷകൻ ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവറായി സേവനമനുഷ്ഠിക്കവെ 21.08.2011 തീയതിയിൽ മരണപ്പെട്ട ശ്രീ.ഷിബു ടി.പി.യുടെ മകൻ ശ്രീ.അഭിനവ്.ടി.എസ് -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ.അഭിനവ്.ടി.എസ് (തെക്കിനേഴത്ത് വീട്, കടവന്ത്ര, പി.ഒ പുതിയറോഡ്, എറണാകുളം-682020)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) കേരള, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-01-2025 10:15:26
സെക്ഷൻ ഓഫീസർ